അന്വേഷണ റിപ്പോർട്ട് സർക്കാർ പഠിച്ചുവരുകയാണ്. വൈകാതെ ഗവൺമെന്റ് ഈ റിപ്പോർട്ട് പരിശോധിച്ചതിനുശേഷം ആവശ്യമായ എല്ലാ നടപടികളും കഴിയുന്നത്ര വേഗം എടുക്കുമെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പറേയും ഈ സഭയേയും അറിയിക്കുകയാണ്.

ഡോ. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രാഥമിക അന്വേഷണത്തിൽ തെളിഞ്ഞ കാര്യങ്ങളാണ് പറയുന്നത്. ജസ്റ്റീസ് നാരായണക്കുറുപ്പ് കമ്മീഷൻ വിശദമായി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കാരണങ്ങളും ഉത്തരവാദിത്വവും കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചതിനുശേഷവും ഇങ്ങനെ പറയുന്നത് അത്യന്തം ദൗർഭാഗ്യകരമാണ്. എന്തുകൊണ്ട് ഇതുസംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾക്ക് പ്രസക്തിയില്ല ? സർക്കാർ നിയോഗിച്ച അന്വേഷണ കമ്മീഷൻ നിഗമനങ്ങളിലും തീർപ്പുകളിലും എത്തിയതിന്റെ അടിസ്ഥാനത്തിൽ കുമരകം ബോട്ടപകടത്തിന്റെ ഒന്നാം വാർഷികം അടുത്ത മാസമാണ്, അത് തികയുന്നതിനു മുൻപ് അതുസംബന്ധിച്ച് ഒരു തീരുമാനമെടുത്ത് പ്രഖ്യാപിക്കുന്നതിന് സർക്കാർ തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, പരമാവധി വേഗതയിൽ ഇതുസംബന്ധിച്ച് ഗവൺമെന്റ് തീരുമാനമെടുത്ത് ആക്ഷൻ ടേക്കൺ റിപ്പോർട്ടോടുകൂടി ഈ സഭയിൽ വയ്ക്കുന്നതാണ്.

(2) പുതിയ നികുതി നിർദ്ദേശങ്ങൾമൂലം റബ്ബർകർഷകരും റബ്ബർ വ്യവസായവും നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. സ്റ്റീഫൻ ജോർജ് : സർ, കേരളത്തിലെ കാർഷിക മേഖലയിൽ ലക്ഷക്കണക്കിനു വരുന്ന ചെറുകിട റബ്ബർ കർഷകരുടെ മേഖലയേയും റബ്ബർ ഫാക്ടറി മേഖലയേയും, റബ്ബർ ഫാക്ടറികളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളേയും ബാധിക്കുന്ന, ഈ അടുത്ത കാലത്തായി ഗവൺമെന്റ് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ബഹുമുഖ ടാക്സ് സംബന്ധിച്ചുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടിയും ഈ ടാക്സ് പിൻവലിക്കുന്നതിനു വേണ്ടിയുമാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ ഉന്നയിക്കുന്നത്. 10-10-2001 മുതൽ പൂർവകാല പ്രാബല്യത്തോടുകൂടി പർച്ചേസ് ടാക്സ് ഏർപ്പെടുത്താനാണ് ഗവൺമെന്റ് തീരുമാനിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ നിലയ്ക്ക് മുൻകാലപ്രാബല്യത്തോടുകൂടി ടാക്സ് ഏർപ്പെടുത്തുവാൻ ഗവൺമെന്റ് തീരുമാനിച്ചപ്പോൾ കഴിഞ്ഞ കാലങ്ങളിലൊന്നും ടാക്സ് അടയ്ക്കേണ്ട സ്വകാര്യ മേഖലയിലേയോ, സഹകരണ മേഖലയിലേയോ റബ്ബർ ഫാക്ടറികളിൽനിന്നൊന്നും തന്നെ ടാക്സ് സമാഹരിച്ചിട്ടുള്ളതല്ല. ആ നിലയിൽ ഇപ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്ന നികുതി നിർദ്ദേശങ്ങൾ പ്രകാരം കോടിക്കണക്കിന് രൂപ ടാക്സ് അസസ്സ്മെന്റായി വരും ഇത് ഫാക്ടറികൾ അടച്ചു പൂട്ടാനും അവിടെ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ പ്രതിസന്ധിയുണ്ടാക്കാനും

LIBRARY ARCHIVES Kerala Legislative Assembly

കാരണമാകും. കോടിക്കണക്കിന് രൂപയുടെ അസസ്സ്മെന്റാണ് ഓരോ ഫാക്ടറിക്കും അയച്ചിട്ടുള്ളത്. 10-10-2001-മുതൽ മുൻകാല പ്രാബല്യത്തോടു കൂടി ഓരോ കമ്പനിക്കും ഒന്നരക്കോടി രണ്ടു കോടി രൂപയുടെ പർച്ചേസ് ടാക്സിനുള്ള ഡിമാന്റാണ് അയച്ചിട്ടുള്ളത്. അവരൊക്കെ പറയുന്നത് ഞങ്ങളുടെ മുൻപിലുള്ള ഏക മാർഗ്ഗം ഫാക്ടറി അടച്ചുപൂട്ടി ഗവൺമെന്റിനെ ഏൽപ്പിക്കുക എന്നുള്ളതാണ് എന്നാണ്. അങ്ങനെ വലിയ ഒരു പ്രതിസന്ധി ഈ മേഖലയിലുണ്ടായിരിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ബ്ലോക്ക് റബ്ബർ യൂണിറ്റ് 55 എണ്ണമുള്ളതിൽ 10 എണ്ണം കോ-ഓപ്പറേറ്റീവ് മേഖലയിലാണ്. അതുപോലെ ക്രീപ്പ് റബ്ബർ യൂണിറ്റ് 110 എണ്ണമാണുള്ളത്. ആ നിലയിൽ ഫാക്ടറിയിലെല്ലാംകൂടി അയ്യായിരത്തോളം ജീവനക്കാർ ഈ സംസ്ഥാനത്തുണ്ട്. അത് നേരിട്ടുള്ള ജീവനക്കാർ, അതുമാത്രമല്ല ഇരുപത്തയ്യായിരത്തോളം ജീവനക്കാർ ഇൻഡയറക്ടായി ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. അവർക്കെല്ലാം തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. 1998 മെയ് മാസം 28-ാം തീയതി 16/98-ാം നമ്പരായി ഒരു സർക്കുലർ റവന്യൂ ബോർഡ് പുറത്തിറക്കി ആ സർക്കുലറിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ഈ മേഖലയെ പർച്ചേസ് ടാക്സിൽ നിന്നും ഒഴിവാക്കിക്കൊണ്ടിരുന്നത്. അടുത്തകാലത്ത് മൂവാറ്റുപുഴ സൂപ്പർസോണിക് ഇൻഡസ്ട്രിയൽ കോംപ്ലക്സ് എന്ന സ്വകാര്യ കമ്പനി ഗവൺമെന്റിനെതിരെ ഹൈക്കോടതിയെ സമീപിക്കുകയും അതിന്റെ പശ്ചാത്തലത്തിൽ ഹൈക്കോടതി ചില പരാമർശങ്ങൾ നടത്തുകയും ചെയ്തു. അതായത് റവന്യൂ ബോർഡിന് ഇത്തരം സർക്കിളിലൂടെ ടാക്സ് എക്സംഷൻ നൽകാൻ അധികാരം ഇല്ലെന്നും കെ.ജി.എസ്.ടി. 10-ാം വകുപ്പ് അനുസരിച്ച് ടാക്സ് എക്സംഷൻ നൽകാനുള്ള അധികാരം സർക്കാരിനാണെന്നും കോടതി വിധി ന്യായത്തിൽ പറയുകയുണ്ടായി. ആ സാഹചര്യത്തിലാണ് ഈ പ്രശ്നം ഉണ്ടായത്. ആ സാഹചര്യം മുതലെടുത്താണ് ടാക്സേഷൻ ഡിപ്പാർട്ടുമെന്റ് ഈ മേഖലയിൽനിന്ന് ടാക്സ് പിരിക്കാനുള്ള തീരുമാനം കൈക്കൊണ്ടത്. ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്ന ഈ അധികാരം ഉപയോഗിച്ച്, കെ.ജി.എസ്.ടി. 10-ാം വകുപ്പ് അനുസരിച്ച് നോട്ടിഫിക്കേഷനിലൂടെ ടാക്സ് പിൻവലിച്ച്, ഈ മേഖലയിലെ പ്രതിസന്ധി പരിഹരിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. കേന്ദ്ര ഗവൺമെന്റ് റബ്ബർ ഇറക്കുമതി ചെയ്യുന്നതിനുവേണ്ടി വാണിജ്യ വകുപ്പ് റബ്ബർ ഇറക്കുമതി നിർത്തിക്കൊണ്ട് ഉത്തരവിറക്കി. ആ സമയത്ത് സുപ്രീം കോടതി ഇടപെട്ടു. അങ്ങനെ സുപ്രീം കോടതി ഇടപെട്ട് അതിനുള്ള അധികാരം വാണിജ്യ വകുപ്പിന് ഇല്ലെന്നും കേന്ദ്ര ഗവൺമെന്റ് തന്നെ ഉത്തരവിറക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് നേരിട്ട് ഉത്തരവിറക്കി ഇറക്കുമതി നിരോധിക്കണമെന്ന് ആ സമയത്ത് ബഹുമാന്യനായ കേരളാ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ആവശ്യപ്പെടുകയുണ്ടായി. അതേ സാഹചര്യമാണ് ഇന്ന് ഈ ഉത്തരവുമായി ബന്ധപ്പെട്ട് കേരളത്തിൽ നിലനിൽക്കുന്നത്. അതുകൊണ്ട് ഒരു നോട്ടിഫിക്കേഷൻ ഇറക്കി ഈ മേഖലയിലുള്ള പ്രതിസന്ധി പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

കെ.ജി.എസ്.ടി. ആക്ട് 5-ാം വകുപ്പ് അനുസരിച്ച് റബ്ബറിന് അവസാനഘട്ട വാങ്ങൽ നികുതിയാണ് പിരിക്കേണ്ടത്. ഇന്ന് കേരളത്തിൽ ഗവൺമെന്റ് പിരിക്കുന്ന ടാക്സ് 13.5 ശതമാനം എന്ന നിലയ്ക്ക്, കേരളത്തിന് വെളിയിലേയ്ക്ക് പോകുന്ന പ്രോഡക്ടുകൾക്കും അവസാന പർച്ചേസ് ടാക്സ് എന്ന നിലയിൽ, ഗവൺമെന്റിന് 30 കോടി രൂപ വരുമാനമുണ്ട്. ഇന്ന് ഗവൺമെന്റ് പിരിക്കാനുദ്ദേശിക്കുന്ന ബഹുമുഖ ടാക്സ് പിൻവലിച്ചില്ലെങ്കിൽ ഗവൺമെന്റിന് ഈ രംഗത്ത് ലഭിക്കുന്ന 30 കോടി രൂപയുടെ വരുമാനവും അവസാനിക്കും. എന്നു മാത്രമല്ല, ഈ ഫാക്ടറികളെല്ലാം അടച്ചുപൂട്ടുന്ന സ്ഥിതിയുണ്ടാകും.. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നാടായ പാലക്കാട്ട് സർവ്വീസ് മേഖലയിൽ പ്രവർത്തിക്കുന്ന, കോ-ഓപ്പറേറ്റീവ് മേഖലയിൽ പ്രവർത്തിക്കുന്ന, സെൻട്രിഫ്യൂജ് കമ്പനി ഇന്ന് അടച്ചു പൂട്ടിയിരിക്കുകയാണ്. പാലക്കാട് മാത്രമല്ല കോഴിക്കോട്, കണ്ണൂർ, തിരുവല്ല എന്നീ സ്ഥലങ്ങളിലെ ഫാക്ടറികളും അടച്ചുപൂട്ടി. അങ്ങനെ പല ഫാക്ടറികളും ഇപ്പോൾത്തന്നെ അടച്ചുപൂട്ടിയ സാഹചര്യത്തിൽ കൂനിൻമേൽ കുരു എന്നപോലെ ഇപ്പോൾ ഇമ്പോസ് ചെയ്യാൻ ഉദ്ദേശിക്കുന്ന ടാക്സ് ഈ മേഖലയെ ആകമാനം തകർക്കുമെന്നുള്ളതുകൊണ്ട് ഇത് പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതു മാത്രമല്ല, റബ്ബറിന്റെ വില കിലോഗ്രാമിന് 20 രൂപ മാത്രമായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വളരെ വൈദഗ്ദ്ധ്യപൂർവം ഇടപെട്ടതിന്റെ ഫലമായി കാർഷിക മേഖലയിൽ പ്രത്യേകിച്ച് റബ്ബർ കർഷകർക്കുവേണ്ടി ചില തീരുമാനങ്ങൾ കൈക്കൊണ്ടതിന്റെ ഫലമായി ഇന്ന് റബ്ബറിന് കിലോഗ്രാമിന് 45-50 രൂപ ആയി വില ഉയർന്നു. ഇപ്പോൾ റബ്ബറിന് കിലോഗ്രാമിന് 50 രൂപയോളം കിട്ടുന്ന സാഹചര്യത്തിൽ ഗവൺമെന്റ് ഉദ്ദേശിക്കുന്ന ബഹുമുഖ പർച്ചേസ് ടാക്സ് ഏർപ്പെടുത്തിയാൽ റബ്ബറിന് ആറു രൂപ മുതൽ എട്ടു രൂപവരെ വില കുറയാൻ സാദ്ധ്യതയുണ്ട്. ഇത് ഈ മേഖലയിൽ വലിയ പ്രതിസന്ധി ഉണ്ടാക്കും. റബ്ബർ ആക്ടിൽ പറയുന്നതനുസരിച്ച് റബ്ബറിന്റെ നിർവ്വചനത്തിൽ, field latex, preserved latex, centrifuged latex, creep rubber, dry block rubber, crumb rubber, skimmed rubber അങ്ങനെ എല്ലാ ഇനങ്ങളും റബ്ബർ ആക്ട് അനുസരിച്ച് റബ്ബറിന്റെ നിർവ്വചനത്തിൽ വരുമെന്നുള്ളതുകൊണ്ട് ഇങ്ങനെ പല ഘട്ടങ്ങളിലായി റബ്ബറിന് ടാക്സ് ഈടാക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ നിയമസഭയിൽ നടത്തിയ 2003-04-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 41-ാമത്തെ പേജിൽ 179-ാം നമ്പർ പാരഗ്രാഫിൽ ഇങ്ങനെ പറയുന്നു : Government have received a large number of representations, especially from SSI units that manufacture centrifuged latex and crumb rubber of the liability unexpectedly cast upon them to pay substantial amounts of sales tax that has not been collected, due to certain ambiguities in the way in which the process of manufacturing is defined under the law. This is likely to jeopardize the existence of a number of such units and will have a highly adverse impact on employment and income generation in the State. എന്നിട്ട് അവസാനം

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നു, To solve this problem, I propose to exempt manufacturers of centrifuged latex and crumb rubber from the liability to pay purchase tax in respect of the raw rubber latex used for such manufacture, upto 9-10-2001. 2001 ഒക്ടോബർ മാസം 9-ാം തീയതി വരെയുള്ള മുൻകാല പ്രാബല്യം എടുത്തുകളയുന്നതായി അദ്ദേഹം ഈ നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ചു കൊണ്ട് പറയുകയുണ്ടായി. അന്ന് ബഹുമാനപ്പെട്ട മന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ സാഹചര്യങ്ങളൊക്കെ ഇന്നും നിലനിൽക്കുകയാണ്. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ പുതിയ നികുതി നിർദ്ദേശങ്ങൾ ഇൻകം ജനറേഷനെ ബാധിക്കും. ആ നിലയ്ക്ക് ഇത്തരം നിർദ്ദേശങ്ങൾ പിൻവലിച്ച് ഈ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ തയ്യാറാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ബഹുമാനപ്പെട്ട സ്റ്റീഫൻ ജോർജ് പരാമർശിച്ച കാര്യങ്ങൾ റബ്ബർ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. പക്ഷേ കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ഒരു തീരുമാനം വന്നുപെട്ടത്. റബ്ബറിനോ റബ്ബർ ഉല്പന്നങ്ങൾക്കോ ബഹുമുഖ നികുതി ഏർപ്പെടുത്തുന്നതായി ഇതുവരെ സർക്കാർ ഒരു നിർദ്ദേശവും കൊടുത്തിട്ടില്ല. പക്ഷേ ഈ മേഖലയിൽ ഇത് വന്നുഭവിക്കാനുള്ള പ്രധാനപ്പെട്ട കാരണം നികുതി ഒഴിവു കിട്ടാൻവേണ്ടി ചില വ്യാപാരികൾ കോടതിയെ സമീപിച്ചതാണ്. കേരളത്തിൽനിന്ന് പുറത്തുകൊണ്ടുപോകുന്ന റബ്ബറിന് അവസാന പർച്ചേസർക്കു മാത്രമേ നികുതി വരുന്നുള്ളൂ. കൊണ്ടുവരുന്നതായാൽ അതിന് ആദ്യം വാങ്ങിക്കുന്ന ആളിന് നികുതി ബാധകമാണ്. അതിന് മാറ്റങ്ങൾ ഉണ്ടായിട്ടില്ല. പക്ഷേ വില്പന നികുതി നിയമമനുസരിച്ച് ലാറ്റക്സ്, ക്രമ്പ് റബ്ബർ ഇതിനൊക്കെ ഒഴിവു നൽകിയിരുന്നു. ഈ വസ്തുക്കൾ സംസ്ഥാനത്തിനകത്ത് ഏറ്റവും അവസാനം വാങ്ങിക്കുന്ന ആളിനു മാത്രമേ നികുതി ബാധ്യത ഉണ്ടായിരിക്കുകയുള്ളൂ. മേൽപ്പറഞ്ഞവയിൽ പെടാത്ത ഉല്പന്നങ്ങൾക്കാണ് അന്ന് വില്പന നികുതി ചുമത്തിയിരുന്നത്. അന്ന് നികുതി കൊടുക്കാതിരിക്കാൻ പറ്റുമോ ; ഇതെല്ലാം ഉൾപ്പെടുമോയെന്ന് പരിശോധിച്ചതാണ്. ഈ വ്യവസായം നടത്തുന്ന ആളുകൾക്ക് ലാഭകരമല്ലാത്ത വിധത്തിൽ ഡബിൾ ടാക്സ് ചുമത്തി അവരുടെ വ്യവസായം നശിപ്പിക്കുന്നത് വ്യവസായികൾക്കും തൊഴിലാളികൾക്കും സർക്കാരിനും ദോഷമാണ്. അതുകൊണ്ട് ആ കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ഒരു കാരണവശാലും തീരുമാനമെടുത്തിട്ടില്ല ; അങ്ങനെ ഒരു തീരുമാനമെടുക്കണമെന്നും ആലോചിട്ടില്ല. പടിഞ്ഞാറേക്കര റബ്ബർ ഇൻഡസ്ട്രീസ് സമർപ്പിച്ച ഒ.പി.നം.2016/87 എന്ന കേസ്സിൽ ലാറ്റക്സ് ഉല്പാദന പ്രക്രിയയ്ക്ക് വിധേയമായ വസ്തുവാണെന്ന് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ വിധിയുണ്ടായി. തൻമൂലം ഉണ്ടായിട്ടുള്ള ചില പ്രശ്നങ്ങളാണ് ഇതിന് കാരണമായി വന്നിട്ടുള്ളത്. സുപ്പർ സോണിക് ഇൻഡസ്ട്രിയൽ കോംപ്ലക്സ് സമർപ്പിച്ച ഡി.ആർ.സി. 37/01 കേസ്സിൽ ഉണ്ടായ വിധിയിൽ അസംസ്കൃത സെൻട്രിഫ്യൂഗൽ ലാറ്റക്സും സെൻട്രിഫ്യൂഗലും രണ്ടും വ്യത്യസ്ത ഉല്പന്നങ്ങളാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി

LIBRARY ARCHIVES Kerala Legislative Assembly

വിധിക്കുകയുണ്ടായി. ഈ സർക്കുലർ മുഖേന നികുതി ഇളവ് നൽകാൻ റവന്യൂ ബോർഡിന് അധികാരം ഇല്ലെന്നും പ്രസ്തുത അധികാരം സർക്കാരിന് മാത്രമുള്ളതാണെന്നും ഹൈക്കോടതി വിധിച്ചു. ഈ വിധിക്കെതിരെ ബന്ധപ്പെട്ട വ്യവസായികൾ സമർപ്പിച്ച അപ്പീൽ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ഇത് സുപ്രീം കോടതിയിൽ നിൽക്കുകയാണ്. ഇതൊക്കെ അങ്ങനെയാണെങ്കിലും മേൽപ്പറഞ്ഞ വിധി പ്രകാരം വില്പന നികുതി നിയമം ഒന്നാം പട്ടികയിൽ 123-ാം ഇനത്തിൽ ഉൾപ്പെട്ട വസ്തുക്കൾ വ്യത്യസ്ത ഉല്പന്നങ്ങളായി കണക്കാക്കേണ്ടി വരുന്നതിനാൽ റബ്ബർ ലാറ്റക്സിനും സെൻട്രിഫ്യൂഗൽ ലാറ്റക്സിനും നികുതി നൽകേണ്ടതായി വരും. ഈ മേഖലയിലുള്ള പല സംഘടനകളിൽനിന്നും ലഭിച്ച നിവേദനങ്ങൾ പരിശോധിച്ചതിനുശേഷം ഒക്ടോബർ 2001 വരെ ഈ മേഖലയിലുള്ള വ്യവസായികൾക്ക് അവർ പിരിക്കാത്ത നികുതിക്ക് ഒഴിവു നൽകാനുള്ള തീരുമാനം ഈ വർഷം ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഞാൻ ഈ സഭയെ അറിയിച്ചിരുന്നു. ഈ മേഖലയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യം സർക്കാർ സജീവമായി പരിഗണിച്ച് തീരുമാനമെടുക്കുന്നതാണ്.

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, ബഹുമുഖ ടാക്സിന്റെ അടിസ്ഥാനത്തിൽ ഓരോ കമ്പനിയ്ക്കും ഒന്നരക്കോടി, രണ്ടു കോടി രൂപയുടെ അസസ്സ്മെന്റ് നോട്ടീസ് അയച്ചിരിക്കുകയാണ്. ആ നോട്ടീസ് സ്റ്റേ ചെയ്യാനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി കൈക്കൊള്ളുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ബഹുമാനപ്പെട്ട നിയമസഭാ സാമാജികൻമാരും കമ്പനിയുടെ ഡയറക്ടർമാരും അതിന്റെ റപ്രസെന്റേറ്റീവുമായിട്ട് ചർച്ച ചെയ്തിരുന്നു. ഇതിൽ പോസിറ്റീവായിട്ടുള്ള തീരുമാനം എടുക്കുന്നതായിരിക്കും.

III സബ്മിഷൻ

(1) ഈറ്റവെട്ടും പനമ്പു നിർമ്മാണവുമായി ബന്ധപ്പെട്ട തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, നമ്മുടെ സംസ്ഥാനത്തെ രണ്ടു ജില്ലകളിലായി ഒരു ലക്ഷത്തോളം വരുന്ന, ഈറ്റവെട്ടും പനമ്പ് നിർമ്മാണവുമായി ബന്ധപ്പെട്ടുകഴിയുന്ന തൊഴിലാളികൾ ഇപ്പോൾ വഴിമുട്ടിനിൽക്കുകയാണ്. കാരണം കഴിഞ്ഞ പത്തിരുപത്തെട്ട് വർഷമായി അനുസ്യൂതമായി വനത്തിൽ നിന്ന് ഈറ്റ എടുക്കുന്നതിനും ഈ തൊഴിലാളികൾക്ക് തൊഴിൽ ചെയ്ത് ജീവിതം മുന്നോട്ട് നയിക്കുന്നതിനും സൗകര്യം ലഭിച്ചിരുന്നു. എന്നാൽ ബാംബൂ കോർപ്പറേഷന്റെ ചെയർമാന് വനം വകുപ്പിലെ മന്ത്രിയോ ഉദ്യോഗസ്ഥൻമാരുമോ ആയിട്ടുള്ള സൗന്ദര്യപ്പിണക്കം കാരണം ഇത്തവണ അതൊന്നും വെട്ടണ്ട എന്നുള്ള നിലയിൽ വനം വകുപ്പിൽ നിന്നും നിർദ്ദേശം വയ്ക്കുകയും അങ്ങനെ ഒരു ലക്ഷത്തോളം തൊഴിലാളികളുടെ ജീവിതം വഴിമുട്ടി നിൽക്കുന്ന സ്ഥിതി ഉണ്ടായിരിക്കുകയും ആണെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly